പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4419 — 04/02/2014 - ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ വകുപ്പിൽ സ്പാർക്ക് നടപ്പാക്കുന്നതിലെ ബുദ്ധിമുട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിൽ സ്പാർക്ക് നടപ്പാക്കിയത് മൂലം ഹെഡ്മാസ്റ്റർ മാർക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (എ) (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്പാർക്ക് സമ്പ്രദായത്തിൽ ബില്ലുകൾ എടുത്തു തുടങ്ങിയതോടെ പ്രഥമാദ്ധ്യാപകരുടെ ഈ രംഗത്തുള്ള പ്രയാസങ്ങൾ സിംഹഭാഗവും അവസാനിക്കുകയാണ് ചെയ്തത്. ഇതുമൂലം അവർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്ന ഒരു വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ട്, ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ പേഴ്സണൽ അസിസ്റ്റന്റ് എന്നിവരുടെ ഡിജിറ്റൽ സിഗ്നേച്ചർ ഡിവൈസ് ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിലെ ശമ്പള ബില്ലുകൾ മേലൊപ്പ് കൂടാതെ മാറുന്ന സമ്പ്രദായം മൂലം പ്രഥമാദ്ധ്യാപകർക്ക് നേട്ടം മാത്രമേ ഉണ്ടായിട്ടുള്ളു. ജീവനക്കാരുടെ ശമ്പള ത്തിൽ മാറ്റം വരുമ്പോൾ മാത്രമാണ് ഡിജിറ്റൽ സിഗ്നേച്ചർ ഡിവൈസ് കൈയാളുന്ന ഉദ്യോഗസ്ഥന്റെ |
| (ബി) ഓരോ കാര്യത്തിലും മേലുദ്യോഗ സ്ഥരുടെ അംഗീകാരം വാങ്ങണ മെന്ന നിർദ്ദേശം കാലതാമസം ഉണ്ടാക്കുന്നതായി മനസ്സിലാക്കി യിട്ടുണ്ടോ; | |
| (സി) സ്പാർക്ക് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ശമ്പളം ലഭിക്കുന്നതിൽ കാലതാമസം വരുത്തുമെന്നതിനാൽ മുൻ സംവിധാനം തന്നെ തുടരുന്നതിന് നടപടി സ്വീകരി ക്കുമോ? | |

അംഗീകാരം വേണ്ടിവരുന്നത്. ഇതുമൂലം കാലതാമസമൊന്നും ഉണ്ടാകേണ്ട കാര്യമില്ല. എയ്ഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകരെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ആഫീസർമാരാക്കി ഉത്തരവ് പുറപ്പെടുവിച്ചത് കേരള വിദ്യാഭ്യാസ ചരിത്രത്തിലെ തന്നെ ഒരു നാഴികകല്ലാണ്. ഇതുമൂലം ഇപ്പോൾ എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടാകുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുമൂലം ശമ്പളം മാറുന്നതിന് യാതൊരു കാലതാമസവും ഇല്ല.

Sreedevi

സെക്ഷൻ ഓഫീസർ